

# ദുർവ്യാഖ്യാനവും ആശയാപഹരണവും

"ومن لم يحكم بما أنزل الله
فأولئكَ هم الكافرون"

ലക്കം 1

തീവ്രവാദ ഗ്രൂപ്പുകൾ അല്ലാഹു
വിന്റെ ഈ വചനത്തിന്റെ ആശയം
ദുർവ്യാഖ്യാനം ചെയ്തതെങ്ങനെ?

MI

بسم الله الرحمن الرحيم

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ . ലോക രക്ഷിതാവായ അല്ലാഹുവിന് സർവ്വ സ്തുതിയും . അവന്റെ രക്ഷയും സമാധാനവും പരിശുദ്ധ നബിയുടെ മേലും അവിടുത്തെ അനുചരൻമാരുടെ മേലും സദാ വർഷിക്കുമാറാവട്ടെ.

# ഒരു നിമിഷം ചിന്തിക്കൂ

എന്താണ് താഴെ വരുന്ന അല്ലാഹുവിന്റെ വചനത്തിന്റെ അർത്ഥം.

ومن لم يحكم بما أنزل الله فأولئك هم الكافرون‘(سورة المائدة 44)‘
الظالمون‘ ( سورة المائدة 45)‘
( الفاسقون‘ ( سورة المائدة 47)‘

‘അല്ലാഹു അവതരിപ്പിച്ച പ്രകാരം ആര് വിധി കൽപിക്കുന്നില്ലയോ അവർ തന്നെയാണ് സത്യ നിഷേധികൾ‘ ‘അതിക്രമകാരികൾ‘ ‘അധർമ്മകാരികൾ‘

അല്ലാഹുവിന്റെ വിധി വിലക്കുകൾ അത് അക്രമത്തിലൂടെയാണെങ്കിലും നടപ്പിൽ വരുത്താൻ പ്രേരണ നൽകുന്നതാണ് ഈ ആയത്തിന്റെ ആശയം എന്ന് നിങ്ങൾ കരുതുന്നുവോ? ഈ വചനം പ്രാവർത്തികമാക്കാൻ മുസ്ലിംകൾ പരസ്പരം പോരടിക്കുന്നത് കാണാൻ നിങ്ങൾക്ക് സാധിക്കുമോ? എന്നാൽ ചിലർ അങ്ങിനെ മനസ്സിലാക്കിയിരിക്കുന്നു! ഈ വചനത്തെ ഇത്തരത്തിൽ മനസ്സിലാക്കിയത് ആരാണ്? എങ്ങിനെയാണവർ അതിന് ഈ വ്യാഖ്യാനം നൽകിയത ്? അത് ശരിയായ ധാരണയാണോ ?

## ആമുഖം.

### തീവ്രവാദ ഗ്രൂപ്പുകൾ എങ്ങിനെയാണ് ഈ വചനത്തെ മനസ്സിലാക്കിയത്?



1. ഇസ്‌ലാമിന്റെ പേരിൽ തീവ്രവാദ പാർട്ടികൾ രൂപീകരിക്കുന്ന ആളുകൾ അഭിപ്രായപ്പെടുന്നത്, നമുക്ക് യുദ്ധം ചെയ്യൽ നിർ ബന്ധവും വധിക്കാൻ അനുവാദവുമുള്ള അമുസ്‌ലിംകൾ (كافر) ഒരിക്കലും അല്ലാഹുവിന്റെ നിയമങ്ങൾ (شريعة) നടപ്പിൽ വരുത്താൻ ശ്രമിക്കുകയില്ല. എന്ന് മാത്രമല്ല അല്ലാഹുവിന്റെ നിയമങ്ങൾ നടപ്പിൽ വരുത്താൻ കൂട്ടാക്കാത്ത ഒരാളെ ഭരണത്തിനു വേ തിരഞ്ഞെടുക്കുന്നവനും അമുസ്‌ലിമായി പരിഗണിക്കപ്പെടേതാണ്. മനുഷ്യ നിർമ്മിത നിയമങ്ങളെ മുൻ നിർത്തി നിയമം നടപ്പിൽ വരുത്തുന്നവൻ അല്ലാഹുവിൽ പങ്കു ചേർക്കുകയാണ് ചെയ്യുന്നത്. ഈ ഒരു അഭിപ്രായത്തിലേക്ക് അവർ എത്തിച്ചേർന്നത് ومن لم يحكم بما أنزل الله فأولئك هم الكافرون" ( سورة المائدة 44)" എന്ന ആയത്തിലൂടയൊണ്.




### തെറ്റായ ഈ ധാരണ ഉാക്കിത്തീർക്കുന്നത് എന്താണ്?

1. ഇസ്‌ലാമിക സമൂഹത്തിലെ ബഹുഭൂരി പക്ഷത്തെയും അമുസ്‌ലിംകൾ ആക്കിത്തീർക്കുകയും ബഹു ദൈവാരാധകരായ അന്ധകാര യുഗക്കാരാക്കി ചിത്രീകരിക്കുകയും ചെയ്യുന്നു.
2. മുസ്‌ലിം ഭരണാധികാരികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുന്നു.
3. മറ്റുള്ളവരെ അമുസ്‌ലിംകളായി കാണുന്ന ജിഹാദീ സംഘടനകളുടെ ആവിർഭാവത്തിനും നവ 'ദാഇഷ് '(داعش) ന്റെ രൂപീകരണത്തിലേക്കെത്തും വിധത്തിലൂള്ള അതിന്റെ വളർച്ച.
4. അല്ലാഹു അവതരിപ്പിച്ച നിയമം നടപ്പിൽ വരുത്താനെന്ന പേരിൽ യുദ്ധവും രക്തം ചൊരിച്ചിലും ന്യായീകരിക്കുന്നു.

## ആപൽക്കരമായ ഈ ആശയത്തിന്റെ തുടക്കം എങ്ങിനെയായിരുന്നു?

ഒന്ന്:
തുടക്കം




**അബുൽ അഅ്ലാ മൗദൂദി** ( 1321 1399 ഹി, 1903 1979 ക്രി )

അല്ലാഹുവിന്റെ വിധിയുമായി ബന്ധപ്പെട്ട് ഖുർആനിൽ വന്ന മൂന്ന് ഖുർആനിക വചനങ്ങളെ അദ്ധേഹം മനസ്സിലാക്കിയത് പ്രകാരം അദ്ധേഹം പറയുന്നു: 'അല്ലാഹുവിന്റെ വിധിക്കെതിരായുള്ള എല്ലാ വിധികളും തെറ്റും നിഷിദ്ധവും ആണെന്ന് മാത്രമല്ല അത് ദൈവ നിഷേധവും വഴി കേടും അക്രമവും അധർമ്മവും ആണെന്നാണ് ഖുർആൻ പറയുന്നത്. ഇത് പോലുള്ള ഏത് വിധിയും ജാഹിലിയ്യാ വിധിയാണ്. അതിനെ നിരസിക്കാത്തിടത്തോളം ഒരാളും വിശ്വാസിയാവുകയില്ല' . 2

(2 അൽ ഖിലാഫത്തു വൽ മുൽകു അബുൽ അഅ്ലാ മൗദൂദി )

രണ്ട്:
പ്രവൃത്തി പഥത്തി
ലേക്ക്



**സയ്യിദ് ഖുത്ബ്** ( 1324 1386 ഹി, 1906 1966 ക്രി )

സയ്യിദ് ഖുതുബിന്റെ പഠന പ്രബന്ധങ്ങളുടെ പ്രധാന വിഷയമായിരുന്നു പരമാധികാരം (فكرة الحاكمية) എന്ന ആശയം. അബുൽ അഅ്ലാ മൗദൂദിയിൽ നിന്നും കടമെടുത്ത ഈ ആശയത്തെ അദ്ധേഹം വികസിപ്പിച്ചെടുക്കുകയും അതിനു മുകളിൽ അപകടകരമായ ആശയങ്ങൾ നിർമ്മിച്ചെടുക്കുകയും ചെയ്തു. ഖുർആനിലെ വചനങ്ങൾ കൈകാര്യം ചെയ്യുന്നിടത്ത് അദ്ധേഹത്തിന്റെ വിചിത്രമായ കൈകടത്തലുകൾ കാണാവുന്നതാണ്. അങ്ങിനെ ഈ ആശയത്തെ വിശ്വാസ പരമായ ഒരു പ്രശ്നമായി ഉയർത്തിക്കൊു വരികയും അതിലൂടെ അല്ലാഹു അവതരിപ്പിച്ചത് കൊണ്ട് വിധിക്കാത്തവൻ (അവൻ അത് സത്യമാണെന്നും അല്ലാഹുവിൽ നിന്നുള്ള വഹ്യാണെന്നും വിശ്വസിക്കുന്നുവെങ്കിലും ശരി ) സത്യ നിഷേധിയാണെന്ന് വിധിക്കുകയും ചെയ്തു അദ്ധേഹം.3

(3 ളിലാലുൽ ഖുർആൻ 2/887 സയ്യിദ് ഖുതുബ് )

'ومن لم يحكم بما أنزل الله فأولئك هم الظالمون', ' الفاسقون'

എന്നീ ആയത്തുകൾ വ്യാഖ്യാനിക്കുന്നിടത്ത് അദ്ധേഹം പറയുന്നു: ഈ പുതിയ വിശേഷണത്തിലൂടെ 'ومن لم يحكم بما أنزل الله فأولئك هم الكافرون' എന്ന ആയത്തിൽ പറഞ്ഞ അവസ്ഥയല്ലാതെ മറ്റൊന്നുമല്ല ഉദ്ധേശിക്കപ്പെടുന്നത്. അല്ലാഹു അവതരിപ്പിച്ചത് കൊ് വിധിക്കാത്തവർക്ക് മറ്റൊരു വിശേഷണം കൂടി ചാർത്തിക്കൊടുക്കുകയാണിവിടെ. 4

(4 ളിലാലുൽ ഖുർആൻ 2/900 സയ്യിദ് ഖുതുബ് )

മൂന്ന്:
ഊട്ടി ഉറപ്പിക്കുന്നു



മുഹമ്മദ് ഖുതുബ് (1337 1435 ഹി, 1919 2014 ക്രി )

അല്ലാഹു അവതരിപ്പിച്ചതല്ലാത്തത് കൊ് നിയമ നിർമ്മാണം നടത്തുന്നതും അല്ലാഹു അവതരിപ്പിച്ചതല്ലാത്തത് കൊ് നിയമ നിർമ്മാണം നടത്തുന്നതിനെ അംഗീകരിച്ച് തൃപ്തിപ്പെടുന്നതും രും അല്ലാഹുവിന്റെ വിധി പ്രകാരം 'ലാ ഇലാഹ ഇല്ലള്ള' യെ പൊളിക്കലാകുന്നു. അത് കൊാണ് ഇക്കാര്യത്തിൽ അല്ലാഹുവിന്റെ കർക്കശമായ അന്തിമ തീരുമാനം ഇങ്ങനെ ഇറങ്ങിയത് .

'അല്ലാഹു അവതരിപ്പിച്ച പ്രകാരം ആര് വിധി കൽപിക്കുന്നില്ലയോ അവർ തന്നെയാണ് സത്യ നിഷേധികൾ' 5

( 5 മഫാഹീമു യൻബഗീ അൻ തുസ്വഹ്ഹഹ 118 )

വിചിത്രമായ ഈ രൂപത്തിലൂടെ മുൻഗാമികളുമായി യാതൊരു ബന്ധവുമില്ലാത്ത ഈ ആശയങ്ങൾ എങ്ങനെയാണ് ഉായിത്തീർന്നതെന്ന് നോക്കൂ!

അവസാനം അത് മുസ്ലിം സമുദായത്തെയും സമുദായ അംഗങ്ങളെയും സത്യ നിഷേധികളും അന്ധകാര യുഗക്കാരുമായി വിധിക്കുന്നിടത്തേക്കെത്തി!

## നമുക്കു പരിശോധിക്കാം

നേരത്തെ പറഞ്ഞ ഖുർആനിക വചനത്തെക്കുറിച്ചുള്ള അവരുടെ ധാരണ പ്രവാചക മാർഗ്ഗ നിർദ്ദേശങ്ങളോടും സ്വഹാബത്തിന്റെയും ധർമ്മ നിഷ്ടരായ മുൻഗാമികളുടെയും പണ്ഡിതരുടെയും അഭിപ്രായങ്ങളോടും ഒത്തു പോകുന്നുോ ?

നബിയുടെ കാല
ഘട്ടം

എവിടെ ആരെക്കുറിച്ചാണീ ആയത്ത് ഇറങ്ങിയത് ?



زاني محصن യുടെ കാര്യത്തിൽ എന്തു ചെയ്യണമെന്ന് യഹൂദികൾ നബിയോട് അഭിപ്രായമാരാഞ്ഞ സമയത്ത് മദീനയിൽ വെച്ച് കൊാണ് മേൽ പറഞ്ഞ പരിശുദ്ധ വചനം ഇറങ്ങിയത്. ആ വചനം പൂർണ്ണമായും ഇറങ്ങിയത് അമുസ്ലിംകളുടെ കാര്യത്തിലാണ്.6

( 6 അബുൽ ഹസൻ അലി അൽ വാഹിദി ( 467 ഹി ) അന്നൈസാബൂരി യുടെ അസ്ബാബുനുസൂൽ ) 1/195. അബുൽ ഫറജ് അബ്ദുൽ റഹ്മാൻ ജൗസീ (597 ഹി ) യുടെ സാദുൽ മസീർ 1/551, മുസ്ലിം: അദ്ധ്യായം: റജ്മുൽ യഹൂദി അഹ്ലിദിമ്മഃ 1800 )

തുർജുമാനിൽ ഖുർആനി വ ഹിബ്റുൽ ഉമ്മ അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിന്റെ വ്യാഖ്യാനം (ഹിജ് റ 17).

---

അബ്ദുല്ലാഹി ബ്നു അബ്ബാസ് (റ) വിൽ നിന്നും ത്വാവൂസ് (റ) റിപ്പോർട്ട് ചെയ്യുന്നു: ‘(44 سورة المائدة )’ومن لم يحكم بما أنزل الله فأولئك هم الكافرون
എന്ന ആയത്തിനെക്കുറിച്ച് അദ്ധേഹം പറഞ്ഞു: ( ليس بالكفر الذي يذهبون إليه)
അവൻ പോകാനിടയുള്ള നിഷേധമല്ല ഉദ്ധേശിക്കുന്നത്.
മറ്റൊരു റിപ്പോർട്ടിൽ: (كفر لا ينقل عن الملة) ‘ദീനിൽ നിന്ന് പുറത്ത് പേ ാകുന്ന നിഷേധം അല്ല‘ .
മറ്റൊരു അഭിപ്രായത്തിൽ ( كفر دون كفر وظلم دون ظلم وفسق دون فسق )
‘യഥാർത്ഥ നിഷേധമല്ലാത്ത നിഷേധം, യഥാർത്ഥ അക്രമം അല്ലാത്ത അക്രമം , യഥാർത്ഥ അധർമ്മം അല്ലാത്ത അധർമ്മം‘ . 7
(7 മുഹമ്മദ് ബ്നു നസ്റ് അൽമറൂസി (294 ഹി ) യുടെ തഅ്ളീമു ഖദ്രി സ്വലാത് എന്ന ഗ്രന്ഥം 2:521,574,575.)

അബ്ദുല്ലാഹി ബ്നു അബ്ബാസ് (റ) നൽകിയ വ്യാഖ്യാനത്തിനെതിരെ ആരെങ്കിലും ഉ ോ? അടിസ്ഥാനമെന്ത്?

## എതിർപ്പ് മറുപട

**എതിർപ്പ് :1**

നേരത്തെ പറഞ്ഞ റിപ്പോർട്ടിലെ പരമ്പരയിൽ വന്നിട്ടുള്ള ഹിഷാം ബ്നു ഹുജൈർ എന്നയാളെ ചില പണ്ഡിതർ ദുർബലപ്പെടുത്തിയിരിക്കുന്നു.

**മറുപടി:**

ബുഖാരി , മുസ്ലിം (റ) എന്നിവർ അവരുടെ സ്വഹീഹുകളിൽ ഹിഷാം ബ്നു ഹുജൈർ എന്ന വരെക്കൊ് തെളിവ് പിടിച്ചിരിക്കുന്നു എന്നത് തന്നെ അദ്ധേഹത്തിന്റെ വിശ്വസ്തതക്ക് മതിയായ തെളിവാണ്. എന്ന് മാത്രതല്ല, ഇമാം സുഫ്യാനു സൗരി, ഹിഷാം ബ്നു ഹുജൈർ എന്ന നിവേദ കന്റെ പിൻഗാമിയാണ്. അദ്ധേഹത്തിൽ നിന്നും ഈ രിവായത്ത് ഇമാം സുഫ്യാനു ബ്നു ഉയൈയ്ന എന്നവർ റിപ്പോർട്ട് ചെയ്തിട്ടു. 8 ( തഹ്ദീബു തഹ്ദീബ് 34/33 )

**എതിർപ്പ് :2**

അബ്ദു റസാഖ് എന്നവരുടെ റിപ്പോർട്ട് പ്രകാരം ‘യഥാർത്ഥ നിഷേധം അല്ലാത്ത നിഷേധം‘ എന്ന വാചകം ഇബ്നു അബ്ബാസ് (റ) വിന്റേതല്ല. ത്വാവൂസ് (റ) ന്റെ സംസാരത്തിന്റെ ഭാഗമാണ്.

**മറുപടി :**

ഈ വാക്കുകൾ ഇബ്നു അബ്ബാസ് (റ) വിൽ നിന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നത് സുഫ്യാനു ബ്നു ഉയൈയ്നയാണ്. അദ്ധേഹം അബ്ദു റസാഖിനേക്കാൾ തികവ് കൂടിയ ആളാണ്. അതു കൊ ് സുഫ്യാനു ബ്നു ഉയൈയ്നയുടെ വാക്കുകൾക്കാണ് മുൻതൂക്കം നൽകപ്പെടുക . ഇത് ഹാകിം തന്റെ മുസ്തദ്റകിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ‘ദഹബി‘ അത് ശരിയായി അംഗീകരിക്കുകയും അതിനോട് യോജിക്കുകയും ചെയ്തിരിക്കുന്നു. 9

(9 ഹാകിം തന്റെ മുസ്തദ്റകിൽ ഇത് കൊ് വന്നിരിക്കുന്നു. ( തഫ്സീറു സൂറത്തിൽ മാഇദ ) 2/342, ഹദീസ് 3219 )

**നിഗമനം:**

ഈ ആയത്തിന് ഇബ്നു അബ്ബാസ് (റ) നൽകിയ വ്യാഖ്യാനത്തിനെതിരെയുള്ള ആക്ഷേ പങ്ങൾ അടിസ്ഥാന രഹിതവും തെളിവ് പിടിക്കാൻ പറ്റാത്തതുമാണ്.

# ഈ വചനത്തെ മുൻ നിര പണ്ഡിതൻമാർ എങ്ങനെയാണ് മനസ്സിലാക്കിയത് ?

### അൽ ഇമാം അഹ് മദ് ബ്നു ഹമ്പൽ (241 ഹി )

ഇസ്മാഈലുബ്നു സഅദ് പറയുന്നു :'ومن لم يحكم بما أنزل الله فأولئك هم الكافرون'

' എന്ന അല്ലാഹുവിന്റെ വചനത്തെക്കുറിച്ച് ഞാൻ അഹ്മദ് (റ) വിനോട് ചോദിച്ചു: ഇവിടുത്തെ കുഫ്റ് എന്താണ്? അദ്ധേഹം പറഞ്ഞു: 'മതത്തിൽ നിന്നും പുറത്താകാത്ത നിഷേധം'. 10

(10 സുആലാതു ഇബ്നു ഹാനിഅ് 2/192 )

### അൽ ഇമാം ഇബ്നു അബ്ദിൽ ബർറ് ( 463 ഹി )

മനഃപൂർവ്വം തെറ്റാണെന്ന അറിവോടു കൂടെ ഭരണത്തിൽ അനീതി കാണിക്കുന്നത് വൻ ദോഷങ്ങളിൽ പെട്ടതാണെന്ന കാര്യത്തിൽ പണ്ഡിതൻ മാരെല്ലാം ഒരേ അഭിപ്രായക്കാരാണ്. മുൻ ഗാമികളിൽ നിന്നും അതിന്റെ കാഠിന്യം അറിയിക്കുന്ന ഹദീസുകൾ ധാരാളം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു്. അല്ലാഹു പറയുന്നു: 'അല്ലാഹു അവതരിപ്പിച്ചു തന്നതനുസരിച്ച് ആര് വിധിക്കുന്നില്ലയോ അവർ തന്നെയാകുന്നു അവിശ്വാസികൾ', 'അക്രമികൾ', 'ധിക്കാരികൾ'. വേദക്കാരുടെ കാര്യത്തിലാണ് ഈ ആയത്തുകൾ ഇറങ്ങിയത്. ഹുദൈഫ, ഇബ്നു അബ്ബാസ് (റ) എന്നിവർ പറയുന്നു: 'അത് നമുക്ക് പൊതുവിൽ ബാധകമാണ്'. അവർ പറയുന്നു: 'അല്ലാഹുവിലും അവന്റെ മാലാഖമാരിലും വേദ ഗ്രന്ഥങ്ങളിലും പ്രവാചകൻമാരിലും അന്ത്യനാളിലും നിഷേധം കാണിക്കാത്തിടത്തോളം ഏതെങ്കിലും ഒരാൾ അത് ചെയ്താൽ ദീനിൽ നിന്നും പുറത്തു പോകുന്ന നിഷേധം ആകില്ല അത്'. 11

(11 തംഹീദ് 5/74 )

### അൽ ഇമാം ഖുർതുബി (671 ഹി )

'ومن لم يحكم بما أنزل الله فأولئك هم الكافرون'

എന്ന ആയത്തിന്റെ ബാഹ്യാർത്ഥം കൊ് തെളിവ് പിടിക്കുന്നത്, തെറ്റു ചെയ്താൽ സത്യ നിഷേധിയാകും എന്നു വാദിക്കുന്ന ഖവാരിജുകളാണ്. അവർക്ക് അതിനുള്ള തെളിവ് യഥാർത്ഥത്തിൽ ഈ ആയത്തിലില്ല , കാരണം ഹദീസിൽ വന്നതു പ്രകാരം അല്ലാഹുവിന്റെ വചനങ്ങളെ മാറ്റിത്തിരുത്തിയിരുന്ന യഹൂദികളുടെ കാര്യത്തിലാണീ ആയത്തിറങ്ങിയത്. ഈ ആയത്ത് അവതരിക്കാനുള്ള കാരണത്തിൽ പങ്കാളികളായവർ മാത്രമെ ഈ ആയത്തിന്റ വിധിയിലും ഉൾപ്പെടുകയുള്ളൂ. 12

(12 അൽ മുഫ്ഹിമു ലിമാ ഉശ്കില മിൻ തൽഖീസി മുസ്ലിം, അബുൽ അബ്ബാസ് അഹ്മദ് അൽ ഖുർതുബി )

## ഈ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഇബ്നു അബ്ബാസ് (റ) വിനോട് ഭൂരിപക്ഷം പണ്ഡിതൻമാർ യോജിക്കുന്നുേ ?

ഈ ആയത്തിന്റെ ആശയം മനസ്സിലാക്കിയേടത്ത് ( യഥാർത്ഥ നിഷേധമല്ലാത്ത നിഷേധമാണിവിടെ ഉദ്ധേശിക്കുന്നത് അഥവാ അല്ലാഹു അവതരിപ്പിച്ചതു കൊ് വിധിക്കാത്തവൻ മതത്തിൽ നിന്നും പുറത്തു പോവുന്ന നിഷേധി ആകില്ല എന്നിടത്ത് ) സമുദായത്തിലെ ഭൂരിപക്ഷ പണ്ഡിതൻമാരും  അബ്ദുല്ലാഹിബ്നു അബ്ബാസ് (റ) വിനോട് യോജിക്കുന്നു്. ഉദാഹരണത്തിന് :

| | |
|---|---|
| അബ്ദുർറസാഖ് ബ്നു ഹുമാം അസ്സൻആനി | ( 211 ഹി ) തഫ്സീറു സൻആനി, |
| അബൂ മുഹമ്മദ് അബ്ദു റഹ്മാൻ ബ്നു അബൂ ഹാതിം അൽറാസി | (277ഹി) തഫ്സീർ ഇബ്നു ഹാതിം |
| ഇബ്നു ജരീർ അത്വബരി | (310 ഹി) ജാമിഅ് അൽ ബയാൻ |
| അഹ് മദ് ബ്നു അലി അബൂബക്കർ അൽ റാസി | (370 ഹി) അഹ്കാമുൽ ഖുർആൻ |
| മുഹമ്മദ് ബ്നു അഹ്മദ് അൽ ഖുർത്വുബി | (468 ഹി) അൽ ജാമിഉ ലി അഹ്കാമിൽ ഖുർആൻ |
| അൽ ഇമാം അബൂ മുളഫ്ഫർ അസ്സംആനി | (489 ഹി) തഫ്സീറു അസ്സംആനി |
| മുഹമ്മദ് ബ്നു നസ്വ്ർ അൽ മർവസി | (294 ഹി) തഅ്ളീമു ഖദ്രി സ്സ്വലാത്തി |
| അബ്ദുൽ ഹഖ് ബ്നു അത്വിയ്യ അൽ അൻദുലുസി | (541 ഹി) അൽ മുഹർററുൽ വജീസി ലി ഇബ്നി അത്വിയ്യ |
| അബൂബക്കർ മുഹമ്മദ് ബ്നു അബ്ദില്ല അൽ മആഫിരി | (543 ഹി ) അഹ്കാമുൽ ഖുർആൻ ലി അബീ ബകർ ഇബ്നിൽ അറബി |
| അബുൽ ഫറജ് ഇബ്നുൽ ജൗസി | (597 ഹി ) സാദുൽ മസീർ ലി ഇബ്നിൽ ജൗസി |
| മുഹമ്മദ് ബ്നു ഉമർ അത്തൈമി അൽ ബകരി അൽ റാസി | (606 ഹി ) തഫ്സീർ അർറാസി |
| അബുൽ അബ്ബാസ് അഹ്മദ് ഇബ്നു ഉമർ അൽ ഖുർതുബി | (656 ഹി) അൽ മുഫ്ഹിമു ലിമാ ഉശ്കില മിൻ തൽഖീസി മുസ്ലിം |
| അൽ ഹുസൈൻ ബ്നു മസ്ഊദ് അൽ ബഗവി | (516 ഹി) മആലിമുത്തൻസീൽ |
| അബ്ദുല്ലാഹി ബ്നു അഹ്മദ് അന്നസഫി | (710 ഹി) തഫ്സീറുന്നസഫി |
| അഹ്മദ് ബ്നു തൈമിയ്യ | (738 ഹി) ഫതാവാ ഇബ്നു തൈമിയ്യ |
| അലിയ്യുബ്നു മുഹമ്മദ് ഇബ്റാഹീം അശ്ശീഹി അലാഉദ്ധീൻ | (741 ഹി ) തഫ്സീറുൽ ഖാസിൻ |
| മുഹമ്മദ് ബ്നു യൂസുഫ് ബ്ൻ ഹയ്യാൻ അൽ അൻദുലുസി | (745 ഹി) തഫ്സീറുൽ ബഹ്ർ അൽ മുഹീത് |
| മുഹമ്മദ് ബ്നു മുഹമ്മദ് ജിസ്യുൽ കൽബി അൽ ഗർനാത്തി | (741 ഹി) അത്തസ്ഹീലു ഫീ ഉലൂമിത്തൻസീൽ |
| അബൂ ഇസ്ഹാഖ് ഇബ്റാഹീമു ബ്നു മൂസ അശ്വാത്വിബി | (ഹി 790 ) അൽ മുവാഫഖാത് |
| ഇബ്നു അബീ അൽ ഇസ്സ് അൽ ഹനഫി അലിയ്യ് ബ്നു അലാഉദ്ധീൻ അൽ ദിമശ്കി | (ഹി 793) ശറഹുൽ അഖീദത്തി അത്വഹാവിയ |
| അൽ ഖാളി അബുസ്സുഊദ് | തഫ്സീറു അബുസ്സുഊദ് |
| മുഹമ്മദ് സിദ്ധീഖ് ഖാൻ | ഫത്ഹുൽ ബയാൻ ഫീ മഖാസിദിൽ ഖുർആൻ |
| മുഹമ്മദ് അലി അശ്ശൗഖാനി | (ഹി 1355) ഫത്ഹുൽ ഖദീർ |
| അഹ്മ്മദ് മുസ്തഫ അൽ മുറാഈ | (ഹി 1371) തഫ്സീറുൽ മുറാഈ |
| അശ്ശൈഖ് അബ്ദുൽറഹ്മാൻ ഇബ്നു നാസിർ അസ്സഅദി | (ഹി 1376) തഫ്സീറുസ്സഅദി |
| മുഹമ്മദുൽ അമീൻ അശ്ശൻഖീത്വി | (ഹി 1393) തഫ്സീറു അള്വാഉൽ ബയാൻ ലി ശൻഖീത്വി |

മേൽ പറഞ്ഞ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ , മുഹമ്മദ് നാസ്വിറുദ്ധീൻ അൽബാനി, ഇബ്നു ഉസൈമീൻ തുടങ്ങിയ ആധുനിക ചിന്തകരുടെ ഗ്രന്ഥങ്ങളിൽ ന ിന്നും മനസ്സിലാക്കാവുന്ന അല്ലാഹു ഇറക്കിയത് കൊ ് വിധിക്കാത്തവൻ ദീനിൽ നിന്നും പുറത്താണ് എന്ന വാദം അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിന്റെ പണ്ഡിതരുടെ അഭിപ്രായത്തിന് തികച്ചും വിരുദ്ധമാണെന്ന് മനസ്സിലാക്കാൻ സാധിക്കും.

# സംഗ്രഹം

- ഈ ആയത്തിന്റെ ദുർവ്യാഖ്യാനം ഹിജ്റ ഒന്നാം നൂറ്റാിലെ ഖവാരിജുകളുടേതിനോട് യോജിക്കുന്നതാണ്.
- അല്ലാഹു അവതരിപ്പിച്ചത് കൊ് മനഃപൂർവ്വം വിധി നടപ്പിലാക്കാതിരിക്കുന്നത് വൻദോഷങ്ങളിൽ പെട്ടതും അവർ അതിന്റെ പേരിൽ ചോദ്യം ചെയ്യപ്പെടുന്നതുമാണ്.
- ആരെങ്കിലും ആ തെറ്റ് ചെയ്യുന്നതു കൊ ് ഇസ്ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോകുന്നതല്ല.
- ആ തെറ്റ് ചെയ്യുന്നവൻ മുസ്ലിമും രക്തം പരിശുദ്ധമായി കണക്കാക്കേവനും തന്നെയാണ്.
- പണ്ഡിതർ അവരെ ഉപദേശിക്കേതും നല്ല രീതിയിൽ നേർ വഴിക്ക് നയിക്കേുമാണ്.
- മുസ്ലിം ഭരണാധികാരികളെ സത്യ നിഷേധികളാക്കി ഇസ്ലാമിക നിയമ വ്യവസ്ഥ വിട്ടു കടക്കുന്നതിലേക്ക് അവരെ എത്തിച്ചു.
- ഈ ഭരണാധികാരികളെ അംഗീകരിക്കുന്നവരെയും അവരെ സമീപിക്കുന്നവരെയും അവർക്കെതിരെ ശബ ്ദിക്കാത്തവരെപ്പോലും ദീനിന് പ ുറത്താക്കി.
- സ്വഹാബാക്കൾ, താബിഉകൾ, സമുദായ പണ്ഡിതർ അടക്കമുള്ള സച്ചരിതരായ മുൻഗാമികളുടേതിന്ന് വിരുദ്ധമായ വിശ്വാസം വെച്ചു പുലർത്തുന്നു.
- ഖിലാഫത്ത് ഭരണം തിരിച്ചു കൊുവരാനും ഖുർആനിലെ നിയമങ്ങൾ നടപ്പിലാക്കാനുമെന്ന പേരിൽ ആഭ്യന്തര കലാപങ്ങൾ ഇളക്കി വിടുകയും കൊള്ളയും അക്രമവും വ്യാപകമാക്കിത്തീർക്കുകയും സംരക്ഷിക്കപ്പെടേ മനുഷ്യ ജീവനുകളെ നിർദയം കൊന്നൊടുക്കുകയും ചെയ്തു കൊ ിരിക്കുന്നു.

ഈ ആയത്ത് ഉദ്ധരിച്ചു കൊ് **ഖവാരിജുകൾ** പറയുന്നത്, അല്ലാഹു അവതരിപ്പിച്ചതു കൊ് വിധിക്കാത്തവൻ സത്യ നിഷേധിയാണെന്നാണ്. എന്നാൽ അഹ്ലുസ്സുന്നത്തി വൽ ജമാഅത്തിലെ പണ്ഡിതരുടെ അഭിപ്രായത്തിൽ അവർ സത്യ നിഷേധിയാവില്ല.13 ( 13 അൽ ഇമാം അസ്സംആനി തഫ്സീറുൽ ഇമാം അസ്സംആനി 2/42 )

## മാറ്റിത്തിരുത്തലും ആശയാപഹരണവും പരമ്പര

അല്ലാഹുവിന്റെ റസൂൽ (സ) തങ്ങൾ പറയുന്നു:

*(يحمل هذا العلم من كل خلف عدوله ينفون عنه تحريف الغالين وانتحال المبطلين وتأويل الجاهلين)

( ഈ വിജ്ഞാനം ഓരോ തലമുറയിലുമുള്ള നീതിമാൻമാര്ണു ഏറ്റെടുക്കുക അതിക്രമകാരികളുടെ മാറ്റിത്തിരുത്തലും നിശ്ഫലമാക്കുന്നവരുടെ ആശയാപഹരണവും വിഢികളുടെ വ്യാഖ്യാനവും അവർ നിശേധിക്കുന്നത്ണ്.)

വികല ചിന്താ ഗതിക്കാരായ ചിലർ അല്ലാഹുവിന്റെ വചനങ്ങളെ സച്ചരിതരായ മുൻഗാമികളിൽ നിന്നും കൈ മാറ്റം ചെയ്തു കിട്ടിയ വൈജ്ഞാനിക രീതിയോട് യോജിക്കാത്ത രീതിയിൽ മനസ്സിലാക്കിയിരിക്കുന്നു. ദൈവിക ഉൽബോധനത്തോടും ഇസ്‌ലാമിന്റെ അടിസ്ഥാന മൂല്യങ്ങളോടും യാതൊരു പൊരുത്തവും ഇല്ലാത്തവയാണവ.

അമുസ്‌ലിംകളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവതീർണ്ണമായ ചില ആയത്തുകൾ എടുത്ത് മുസ് ലിംകളുമായി ബന്ധപ്പെട്ട കാര്യങ്ങളോട് ചേർത്ത് അവർ വ്യാഖ്യാനിക്കുന്നു.

ചില പ്രത്യേക വിഷയങ്ങൾക്ക് മാത്രം ബാധകമായി ഇറങ്ങിയ ആയത്തുകളെടുത്ത് അതിൽ നിന്നും മൊത്തത്തിലുള്ള നിയമങ്ങൾ പടച്ചുാക്കുകയും അല്ലാഹുവിന്റെ വചനങ്ങളുടെ ആശയങ്ങളെ മാറ്റിത്തിരുത്തുകയും ചെയ്തു കൊ് ആപത്കരവും അസത്യവുമായ ചില വിഷലിപ്ത ചിന്തകൾ പൊതു ജനങ്ങളുടെ മനസ്സിൽ നിർമ്മിച്ചെടുക്കുകയോ ഊട്ടി ഉറപ്പിക്കുകയോ ചെയ്യുന്നതിൽ അവർ വിജയിച്ചിരിക്കുന്നു. അതിനെ തുടർന്ന് യഥാർത്ഥ ദീനുമായി യാതൊരു ബന്ധവുമില്ലാത്ത പ്രവർത്തനങ്ങളും സ്വഭാവ രീതികളും അവരിൽ നിന്നും പ്രകടമാവുക സ്വാഭാവികം.

വികല ചിന്താ ഗതിക്കാരായ ഇത്തരം ആളുകളിൽ നിന്നും സംഭവിച്ചിട്ടുള്ള ഖുർആനിക വചനങ്ങളുടെ ദുർവ്യാഖ്യാനങ്ങളെ മനസ്സിലാക്കാനും അവർ എത്രത്തോളം നബിയുടെയും സ്വഹാബാക്കളുടെയും സച്ചരിതരായ മുൻഗാമികളുടെയും കാഴ്ചപ്പാടുകളിൽ നിന്നും അകലെയാണെന്നും കാണിച്ചു തരാൻ ഇത്തരം തുടർ ലേഖനങ്ങൾക്ക് സാധിക്കും.

SANAD

www.sanad.network
twitter: @sanadnetwork
facebook.com/sanadnetwork
youtube.com/sanadnetwork

دار الفقيه للنشر والتوزيع
DAR AL FAQIH
PUBLICATION & DISTRIBUTION